**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1091** **27-07-2021 - ൽ മറുപടിയ്ക്ക്**

**മണ്ണുപര്യവേക്ഷണ- മണ്ണുസംരക്ഷണ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണുപര്യവേക്ഷണ - മണ്ണുസംരക്ഷണ വകുപ്പിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ എം-ബുക്കിൽ രേഖപ്പെടുത്തുന്ന ജീവനക്കാരുടെ പദവികൾ എന്തെല്ലാമാണെന്നും അവരുടെ സാങ്കേതിക യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (എ) | 08.01.2021ലെ ജി.ഒ(എം.എസ്)നമ്പർ 3/2021/ അഗ്രി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ അളവുകൾ മണ്ണ് സംരക്ഷണ ഓഫീസർ/അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം മണ്ണ് സംരക്ഷണ ഓഫീസർ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ യോഗ്യത ചുവടെ ചേർക്കുന്നു. മണ്ണ് സംരക്ഷണ ഓഫീസർ നേരിട്ടുള്ള നിയമനം - അഗ്രിക്കൾച്ചർ ബിരുദം ബൈടാൻസ്ഫർ നിയമനം - 1)സിവിൽ/അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ഡിപ്ലോമ. OR 2)കെ.ജി.റ്റി.ഇ അല്ലെങ്കിൽ എം.ജി.റ്റി.ഇ സിവിൽ എഞ്ചിനീയറിംഗ് വിഷയത്തിൽ കുറഞ്ഞത് 3 വിഷയം ഹയർ പാസ്സായിരിക്കണം OR 3.ഡ്രാഫ്റ്റ്സ്മാൻ(സിവിൽ/ മെക്കാനിക്കൽ) ട്രേഡിൽ അല്ലെങ്കിൽ സർവ്വെയർ ട്രേഡിൽ ഐ.റ്റി.ഐ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത അസിസ്റ്റന്റ് എഞ്ചിനീയർ നേരിട്ടുള്ള നിയമനം- സിവിൽ എഞ്ചിനീയറിംഗ്/ അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ബൈടാൻസ്ഫർ നിയമനം - 1)സിവിൽ/അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ഡിപ്ലോമ. OR 2)കെ.ജി.റ്റി.ഇ അല്ലെങ്കിൽ എം.ജി.റ്റി.ഇ സിവിൽ എഞ്ചിനീയറിംഗ് വിഷയത്തിൽ കുറഞ്ഞത് 3 വിഷയം ഹയർ പാസ്സായിരിക്കണം OR 3.ഡ്രാഫ്റ്റ്സ്മാൻ(സിവിൽ/ മെക്കാനിക്കൽ) ട്രേഡിൽ അല്ലെങ്കിൽ സർവ്വെയർ ട്രേഡിൽ ഐ.റ്റി.ഐ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത |
| (ബി) | പ്രസ്തുത വകുപ്പിലെ പ്രവൃത്തികൾ എം-ബുക്കിൽ രേഖപ്പെടുത്തുന്നതിനാവശ്യമായ ജീവനക്കാർ | (ബി) | നിലവിൽ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ എം.ബുക്കിൽ |

| | | | |
|---|---|---|---|
| | ലഭ്യമാണോയെന്നും ഇല്ലെങ്കിൽ അത് എങ്ങനെ പരിഹരിക്കുമെന്നും വ്യക്തമാക്കുമോ; | | രേഖപ്പെടുത്തുന്നതിനാവശ്യമായ ജീവനക്കാർ ലഭ്യമാണ്. |
| (സി) | ഈ വകുപ്പിൽ മൊത്തം എത്ര സാങ്കേതിക വിഭാഗം ജീവനക്കാരുണ്ടെന്നും അവർക്ക് അതത് സമയങ്ങളിൽ ലഭ്യമാകേണ്ട പ്രൊമോഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | വകുപ്പിൽ നിലവിൽ 576 സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഉണ്ട്. അനുവദിച്ച തസ്തികകളുടെ എണ്ണം നിലനിർത്തി സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ